**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206** **23-02-2026 - ൽ മറുപടിയ്ക്ക്**

**ആഗോള അയ്യപ്പ സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ആഗോള അയ്യപ്പ സംഗമത്തിന്റെ ഇവന്റ് നടത്തിപ്പിനായി തെരഞ്ഞെടുത്തത് ഏത് സ്ഥാപനത്തെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾക്ക് വളരെ കുറഞ്ഞ സമയം മാത്രമേ ലഭിച്ചിരുന്നുള്ളു കൂടാതെ 2025-2026 കാലയളവിലെ ശബരിമല മണ്ഡലം - മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ടുള്ള മുന്നൊരുക്കങ്ങളും ഇതേ കാലയളവിൽ തന്നെ നടത്തേണ്ടതായ സാഹചര്യവുമുണ്ടായിരുന്നു. ആയതിനാൽ സമാനമായ പ്രോഗ്രാമുകൾ നടത്തി മുൻപരിചയമുള്ളതും (കിഫ്ബിയുടേതുൾപ്പെടെ), തൊഴിൽ വകുപ്പിന് കീഴിലുള്ള KASE-ന്റെ മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്നതുമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനത്തെയാണ് ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവഹിക്കുന്നതിന് ഇവന്റ് മാനേജ്മെന്റ് ഏജൻസിയായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയോഗിച്ചിരുന്നത്. |
| (ബി) | ഈ സ്ഥാപനത്തിന് ടെൻഡർ പ്രകാരമാണോ കരാർ നൽകിയതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ടെൻഡർ ഇല്ലാതെ പ്രസ്തുത സ്ഥാപനത്തിന് കരാർ നൽകാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾക്ക് വളരെ കുറഞ്ഞ സമയം മാത്രമേ ലഭിച്ചിരുന്നുള്ളു കൂടാതെ 2025-2026 കാലയളവിലെ ശബരിമല മണ്ഡലം - മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ടുള്ള മുന്നൊരുക്കങ്ങളും ഇതേ കാലയളവിൽ തന്നെ നടത്തേണ്ടതായ സാഹചര്യവുമുണ്ടായിരുന്നു. ആയതിനാൽ സമാനമായ പ്രോഗ്രാമുകൾ നടത്തി മുൻപരിചയമുള്ളതും (കിഫ്ബിയുടേതുൾപ്പെടെ), തൊഴിൽ വകുപ്പിന് കീഴിലുള്ള KASE-ന്റെ മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്നതുമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനത്തെയാണ് ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | ചുമതലകൾ നിർവഹിക്കുന്നതിന് ഇവന്റ് മാനേജ്മെന്റ് ഏജൻസിയായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയോഗിച്ചിരുന്നത്. |
| (സി) | പ്രസ്തുത സ്ഥാപനം, ഓഡിറ്റിനായി ആവശ്യമായ ബില്ലുകളും ഉപകരാർ വിവരങ്ങളും നൽകിയിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. ഇവന്റ് മാനേജ്മെന്റ് ഏജൻസി സമർപ്പിച്ച അപൂർണ്ണവും വ്യക്തതയില്ലാത്തതുമായ ബില്ലുകൾ അനുവദിച്ച് നൽകുന്നതല്ല എന്നും ഇക്കാര്യത്തിൽ ചാർട്ടേർഡ് അക്കൗണ്ടന്റിൽ നിന്നും ലഭ്യമായ ഓഡിറ്റ് റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിനായി ദേവസ്വം കമ്മീഷണർ, ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, ചീഫ് എഞ്ചിനീയർ എന്നിവർ അടങ്ങുന്ന ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സ് സമർപ്പിക്കുന്ന റിപ്പോർട്ട് ബോർഡ് തലത്തിൽ സൂക്ഷ്മപരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ